# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5455** **27.03.2018 ൽ മറുപടിയ്ക്ക്**

## കർഷകർക്ക് നല്കി വരുന്ന സഹായങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ. ശശി | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |

എ) സംസ്ഥാനത്ത് പച്ചക്കറി/ നെൽകൃഷി/ കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങി എല്ലാ കാർഷിക ഉല്പന്നങ്ങളുടേയും കൃഷി പ്രോത്സാഹിപ്പിക്കാനും അവരവരുടെ കാർഷിക മേഖലാ പ്രാധാന്യം കർഷകർക്ക് മനസ്സിലാക്കി കൃഷി നടത്താനുമായി കൃഷി വകുപ്പ് നിലവിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം ലഭ്യമാക്കുമോ;

I. പച്ചക്കറി കൃഷി

സംസ്ഥാനത്ത് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് നടപ്പിലാക്കുന്ന ബൃഹത്ത് പദ്ധതിയായ സമഗ്ര പച്ചക്കറി വികസന പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. പദ്ധതിയിൽ വിവിധ ഘടകങ്ങളിലായി കർഷകർക്ക് കൃഷിയ്ക്കാവശ്യമായ എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. 2017-18 സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 79 കോടി രൂപ വകയിരുത്തിയിരുന്നു. ആയതു പ്രകാരം സമഗ്ര പച്ചക്കറി വികസന പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

- വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം
- മട്ടുപ്പാവ് കൃഷി പ്രോത്സാഹനം
- സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി
- പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവല്ക്കരണം, പ്രചരണം തുടങ്ങിയവ
- ജില്ലാ ക്ലസ്റ്റർ വികസനം
- ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം
- നഴ്സറികൾ സ്ഥാപിക്കൽ
- സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വള പ്രയോഗവും

- പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ പ്രോത്സാഹനം
- പച്ചക്കറി കൃഷിയ്ക്കു വേണ്ടി 'മിനി-പോളീഹൗസ്'-കളുടെ പ്രോത്സാഹനം
- 'വെജിറ്റബിൾ പ്രൊഡ്യൂസർ കമ്പനികൾ' സ്ഥാപിക്കൽ
- മണ്ണിനെ ഫലപുഷ്ടിപ്പെടുത്തുന്ന കുമ്മായം, ഡോളോമൈറ്റ്, സൂക്ഷ്മ മൂലകങ്ങൾ എന്നിവയുടെ വിതരണം
- ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം
- 'സേഫ്-ടു-ഈറ്റ്'-ബ്രാൻഡിംഗ്
- അവാർഡ് വിതരണം
- ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനുകളുടെ രൂപീകരണം:
- മഴമറ നിർമ്മാണം
- ബാഹ്യ നിരീക്ഷണം
- കാര്യക്ഷമമായി പ്രവർത്തിക്കുന്ന 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം
- വി.എഫ്.പി.സി.കെ

II. <u>നെൽ കൃഷി</u>

കാർഷിക മേഖലാ പ്രാധാന്യം കണക്കാക്കി നെൽ കൃഷിക്കായി ഏഴു പ്രത്യേക കാർഷിക മേഖലകളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. കുട്ടനാട്, കോൾ, പൊക്കാളി, ഓണാട്ടുകര, പാലക്കാട്, വയനാട്, കായ്പ്പാട്. അടിസ്ഥാന സൗകര്യവികസനം നിർണ്ണായക പ്രാധാന്യമുള്ളതും മറ്റു പദ്ധതികളിലൂടെ ഏറ്റെടുത്തിട്ടില്ലാത്തതുമായ ഘടകങ്ങൾ (ക്രിട്ടിക്കൽ ഗാപ്പ് ഫില്ലിങ്) എന്നിവയ്ക്കാണ് ആനുകൂല്യം നൽകുന്നതിനു വ്യവസ്ഥ ചെയ്തിട്ടുള്ളത്.

നെൽ കൃഷിക്കായി പ്രഖ്യാപിച്ച പ്രത്യേക 7 കാർഷികമേഖലകളിൽ 6 മേഖലകൾക്ക് നടപ്പ് വർഷം ചുവടെ പറയും പ്രകാരം ആനുകൂല്യങ്ങൾ നൽകുന്നതിനു വ്യവസ്ഥ ചെയ്തിട്ടുണ്ട്.

- കുട്ടനാട് മേഖലയ്ക്ക് പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനു 101 ലക്ഷം രൂപ വകയിരു-

ത്തിയിട്ടുണ്ട്.

• കോൾ മേഖലയ്ക്ക് പെട്ടിയും പറയും മാറ്റിവയ്ക്കുന്നതിനും, സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനും, ഭ്രവസ്തം ഉപയോഗിക്കുന്നതിനും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനും അടിസ്ഥാനസൗകര്യ വികസനത്തിനുമായി 299.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

• പൊക്കാളി മേഖലയ്ക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി 44.31 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

• പാലക്കാട് മേഖലയ്ക്ക് ജൈവകൃഷി, ജൈവ ബിരിയാണി അരിയുടെ ബ്രാന്റിങ്, കാർഷിക കർമ്മസേന ശക്തിപ്പെടുത്തൽ, അഗ്രോ സർവ്വീസ് സെന്ററിനു യന്ത്രോപകരണങ്ങൾ വാങ്ങൽ, അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 60.82 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിരിക്കുന്നു.

• വയനാട് മേഖലയ്ക്ക് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, പരമ്പരാഗതമായി കൃഷി ചെയ്യുന്ന തനതുവിത്തിനങ്ങളുടെ സംരക്ഷണവും വർദ്ധനവും എന്നിവയ്ക്കായി 115 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

• കായ്പ്പാട് മേഖലയ്ക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി 32.9 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

II. <u>കിഴങ്ങു വർഗ്ഗ വിളകൾ</u>

കേരളത്തിലെ 14 ജില്ലകളിലായി 666 ഹെക്ടർ സ്ഥലത്ത് കിഴങ്ങു വർഗ്ഗ വിളകളുടെ കൃഷിയ്ക്ക് ഹെക്ടറിന് 15000/- രൂപ ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ 4 ആദിവാസി വില്ലേജുകളിലായി 125 ഹെക്ടർ സ്ഥലത്ത് ഹെക്ടറിന് 20,000/- രൂപ ധനസഹായം നൽകി കിഴങ്ങുവർഗ്ഗവിളകൾ കൃഷി ചെയ്തിട്ടുണ്ട്. സി.റ്റി.സി.ആർ.ഐ. മുഖാന്തിരം 25 ലക്ഷം രൂപയുടെ പുതിയ ഇനം കിഴങ്ങു വിത്തുകൾ 24 സീഡ് വില്ലേജുകളിലായി വിതരണം നടത്തി കൃഷി ചെയ്തു വരുന്നു.

ബി) ഇവർക്ക് ആവശ്യം വേണ്ടുന്ന കിഴങ്ങുവിത്തുകൾ ഉൾപ്പെടെ എന്തെല്ലാം വിത്തുകളാണ് നല്കി വരുന്നത്; വിശദാംശം ലഭ്യമാക്കുമോ;

ബി) വീട്ടുവളപ്പിൽ പച്ചക്കറി കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ 57 ലക്ഷം വിത്തു പായ്ക്കറ്റുകളും 45.45 ലക്ഷം പച്ചക്കറി തൈകളും കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 37000 ഗ്രോബാഗ് യൂണിറ്റുകൾ വിതരണം ചെയ്തു. കൂടാതെ മുൻ വർഷങ്ങളിൽ നൽകിയ ഗ്രോബാഗ് യൂണിറ്റുകളിൽ വീണ്ടും കൃഷി ചെയ്യാനായി വിത്ത്, തൈകൾ മറ്റ് ഉല്പാദന ഉപാധികൾ എന്നിവയും നൽകുന്നു. വീടുകളിൽ മുരിങ്ങ, അഗത്തി, ശീമചക്ക, കറിവേപ്പില എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 40000 കിറ്റുകൾ 50 ശതമാനം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു. കൂടാതെ മാധ്യമങ്ങൾ, എൻ.ജി.ഒ. മുഖേനയും പച്ചക്കറി വിത്ത് കിറ്റുകൾ വിതരണം ചെയ്യുന്നുണ്ട്.

ചേന, ചേമ്പ്, കാച്ചിൽ, മരിച്ചീനി എന്നി കിഴങ്ങു വർഗ്ഗ വിളകളുടെ വിത്തുകൾ കർഷകർക്ക് നൽകിയിട്ടുണ്ട്.

സി) ഇവർക്കാവശ്യം വേണ്ടുന്ന വളങ്ങൾ തുടങ്ങി മറ്റു എന്തെല്ലാം സഹായങ്ങളാണ് നല്കിവരുന്നതെന്ന് വ്യക്തമാക്കുമോ;

വിത്തു പായ്ക്കറ്റുകൾ, തൈകൾ, ജൈവ കീടനാശിനികൾ/ ജൈവ ജീവാണുവളങ്ങൾ, സൂക്ഷ്മ മൂലകങ്ങൾ, വാം എന്നിവ കർഷകർക്ക് നൽകുന്നുണ്ട്. ഡിപ്പാർട്ട്മെന്റ് ലാബുകളിലോ/ കേരള കാർഷിക സർവ്വകലാശാലയിൽ ഉത്പാദിപ്പിക്കുന്ന ജൈവ കീടനാശിനികൾ/ ജൈവാണു വളങ്ങളാണ് കർഷകർക്ക് വിതരണം നടത്താറുള്ളത്.

ഡി) എന്തെങ്കിലും കാരണത്താൽ കൃഷി നാശം സംഭവിക്കുന്ന പക്ഷം കർഷകരെ സഹായിക്കാനായി കൃഷി വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം എന്നും കൃഷിനാശം സംഭവിച്ചാൽ അവർക്കു നല്കിവരുന്ന സഹായങ്ങൾ എന്ത് എന്നും വ്യക്തമാക്കുമോ?

ഡി) സർക്കാർ ഉത്തരവ് നം. ജി.ഒ. (എം.എസ്.) നം. 182/2015/കൃഷി തീയ്യതി 29/09/2015 പ്രകാരം പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ചാൽ കൃഷിനാശത്തിനുള്ള ധനസഹായം നൽകി വരുന്നു.

പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് റവന്യു വകുപ്പിന്റെ സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (എസ്.ഡി.ആർ.എഫ്.) നിന്ന് ധനസഹായം നല്കുന്നതിന്റെ മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഫണ്ടിൽ നിന്നും നൽകുന്ന ധനസഹായം പുനർ നിർണ്ണയിച്ചുകൊണ്ട് അതാതു സമയങ്ങളിൽ സംസ്ഥാന സർക്കാർ

ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്.

സംസ്ഥാന പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യ വിളകൾ നശിച്ചാൽ (സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്) നം. 37/2017/കൃഷി തീയതി 22/03/2017 പ്രകാരം) കൃഷിനാശത്തിനുള്ള ആനുകൂല്യം അനുവദിച്ചു വരുന്നു. ഇതിനകം ഈ പദ്ധതി പ്രകാരം 5705 കർഷകർക്ക് 3,05,68,965/- കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതു കൂടാതെ പ്രധാൻ മന്ത്രി ഫസൽ ബീമാ യോജന പദ്ധതി കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും ആനുകൂല്യം അനുവദിച്ചു വരുന്നു. കൂടാതെ പ്രകൃതിക്ഷോഭം മൂലം നെൽകൃഷി നാശം ഉണ്ടായാൽ വീണ്ടും വിളയിറക്കുന്നതിന് അടിയന്തിര ഘട്ടങ്ങളിൽ നെൽവിത്ത് സൗജന്യമായി സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖേന ലഭ്യമാക്കുന്നു.

Mayal

സെക്ഷൻ ഓഫീസർ